# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ
# സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി
# റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്
# ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ
# സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി
# റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്
# ചെയ്ത പ്രകാരമുള്ള ബില്ലും

688/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന | .. v |
| 2. | റിപ്പോർട്ട് | .. vii |
| 3. | വിയോജനക്കുറിപ്പ് | .. ix xiii |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. 1 |

# സബ്ജക്റ്റ് കമ്മിറ്റി VI (2016-2018)

## (വിദ്യാഭ്യാസം)

### ഘടന

അദ്ധ്യക്ഷൻ:

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും
നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## 2017-ലെ മലയാളഭാഷ (നിർബ്ബന്ധിതഭാഷ)ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച '2017-ലെ മലയാളഭാഷ (നിർബ്ബന്ധിതഭാഷ) ബിൽ' (ബിൽ നമ്പർ 55), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. '2017-ലെ മലയാളഭാഷ (നിർബ്ബന്ധിതഭാഷ) ബിൽ' 2017 ഏപ്രിൽ 23-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച ഈ ബിൽ ഏപ്രിൽ 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. സമിതി 2017 മേയ് 17-ാം തീയതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ദീർഘ ശീർഷകവും പീഠികയും</u>

ദീർഘ ശീർഷകത്തിലും പീഠികയിലും ബില്ലിലെ മറ്റ് ഖണ്ഡങ്ങളിലും "വിദ്യാലയങ്ങൾ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് പകരമായി "സ്കൂളുകൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 1</u>

ഒന്നാം ഖണ്ഡത്തിൽ (1)-ാം ഉപഖണ്ഡത്തിൽ 'മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ആക്റ്റ് ' എന്ന വാക്കുകൾക്ക് പകരം "മലയാള ഭാഷാ പഠന ആക്റ്റ്" എന്ന് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 2</u>

1. 2-ാം ഖണ്ഡത്തിൽ, "ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ" എന്ന വാക്കുകൾക്ക് മുൻപായി "(1)" എന്ന അക്കവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.
2. 'ബി' ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"സ്കൂളുകൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്കൂളുകൾ എന്നർത്ഥമാകുന്നതും അതിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നതുമാകുന്നു.

3. 2-ാം ഖണ്ഡത്തിൽ (ഡി) ഇനത്തിനു ശേഷം താഴെപ്പറയുന്ന 'ഉപഖണ്ഡം' ചേർക്കേണ്ടതാണ്

"(2) ഈ ആക്ടിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6-ാം ആക്ട്)-ലും 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്ടിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്."

<u>ഖണ്ഡം 3</u>

1. 3-ാം ഖണ്ഡത്തിൽ മാർജിനൽ ശീർഷകത്തിൽ "നിർബന്ധിത ഭാഷ ആക്കണമെന്ന" വാക്കുകൾക്കു പകരം "പഠിപ്പിക്കണമെന്ന" വാക്ക് ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിലെ അവസാന വരിയിലെ "നിർബ്ബന്ധിത" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

3. (1)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന 'ക്ലിപ്തനിബന്ധന' ചേർക്കേണ്ടതുമാണ്.

"എന്നാൽ, ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ, നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്."

4. (3)-ാം ഉപഖണ്ഡത്തിൽ—

(i) "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും ബ്രായ്ക്കറ്റിനും പകരം "സംസ്ഥാനത്തെ സ്കൂളുകളിൽ" എന്ന വാക്കുകളും;

(ii) "ബോർഡുകളോ നോട്ടീസുകളോ" എന്ന വാക്കുകൾക്ക് ശേഷം "പ്രദർശിപ്പിക്കുകയോ" എന്ന വാക്കും ചേർക്കേണ്ടതാണ്.

5. (4)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(4) ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത്

ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷാ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം, അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യ പദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്നും ഒഴിവാക്കാവുന്നതും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

6. (5)-ാം ഉപഖണ്ഡത്തിൽ,—

(i) "ഇൻഡ്യൻ കൗൺസിൽ ഫോർ സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.)" എന്ന വാക്കുകൾക്കു പകരം "കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.)" എന്ന വാക്കുകളും;

(ii) "മുതലായ" എന്ന വാക്കിനു പകരം "എന്നീ" എന്ന വാക്കും;

(iii) "ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക്" എന്ന വാക്കുകൾക്ക് പകരം "ബോർഡുകളുടെ കീഴിലുള്ളതും ത്രിഭാഷ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(iv) 4-ാമത്തെ വരിയിലെ "നിർബ്ബന്ധിത" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(v) 5-ാമത്തെ വരിയിൽ "നിർബ്ബന്ധിത" എന്ന വാക്കിനു പകരം "മലയാള" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. (5)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന 'ക്ലിപ്തനിബന്ധന' ചേർക്കേണ്ടതുമാണ്.

"എന്നാൽ അങ്ങനെയുള്ള സ്കൂളുകളിൽ ദ്വിഭാഷാ പദ്ധതി നിലവിലുള്ള ക്ലാസ്സുകളിൽ മലയാളം ഒരു ഭാഷയായി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് മലയാളം ഭാഷ പഠിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്."

8. (6)-ാം ഉപഖണ്ഡത്തിന് പകരമായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക,—

"1958 -ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ എയ്ഡഡ് സ്കൂളുകൾക്ക്

അംഗീകാരം നൽകുന്നതിന് അങ്ങനെയുള്ള സ്കൂളുകളിലെ ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാക്കേണ്ടതാണ്. "

9. (7)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

"(7) ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും ക്രമാനുഗതമായുള്ള മലയാള പഠനത്തിന് ആവശ്യമായ സൗകര്യം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാർ ചെയ്തുകൊടുക്കേണ്ടതാണ്."

## ഖണ്ഡം 4

1. 4-ാം ഖണ്ഡത്തിന്റെ മാർജിനൽ ശീർഷകത്തിൽ 'ശിക്ഷ' എന്ന വാക്കിന് പകരം 'പിഴ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിൽ,—

   (i) "ഈ ആക്ടിലെയും ചട്ടങ്ങളിലെയും" എന്ന വാക്കുകൾക്ക് പകരം "ഈ ആക്ടിലെ 3-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ" എന്ന അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും വാക്കുകളും;

   (ii) "വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരെ അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "സ്കൂളുകളിലെ പ്രധാന അധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണ്." എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

3. (2)-ാം ഉപഖണ്ഡത്തിൽ,—

   (i) "വിദ്യാഭ്യാസ ഡയറക്ടറുടെ" എന്ന വാക്കുകൾക്ക് പകരം "വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ" എന്ന വാക്കുകളും;

   (ii) "ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കു ശേഷം "(1)-ാം ഉപവകുപ്പ്" എന്ന അക്കവും ബ്രാക്കറ്റും ചിഹ്നവും വാക്കും;

   (iii) "അധ്യാപകരിൽ" എന്ന വാക്കിനു പകരം "അധ്യാപകനിൽ" എന്ന വാക്കും ചേർക്കേണ്ടതാണ്.

4. നിലവിലുള്ള (3)-ാം ഉപഖണ്ഡം (4)-ാം ഉപഖണ്ഡമായി പുനരക്കമിടേണ്ടതും ആയതിനു മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്.

"(3) (1)-ാം ഉപവകുപ്പ പ്രകാരമുള്ള ഉത്തരവിനെതിരെ, പ്രധാനാദ്ധ്യാപകന് അങ്ങനെയുള്ള ഉത്തരവു കിട്ടി 30 ദിവസത്തിനുള്ളിൽ വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ ആയത് സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്."

5. പുനരക്കമിട്ട (4)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(4) (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്ന പക്ഷം നിർണ്ണയിക്കാവുന്ന രീതിയിൽ, അൺ-എയ്ഡഡ് സ്കൂളുകളുടെ സംഗതിയിൽ, പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.) കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ സംഗതിയിൽ, അങ്ങനെയുള്ള സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം റദ്ദാക്കുകയും ചെയ്യുന്നതാണ്."

<u>പുതിയ ഖണ്ഡം 4 എ ചേർക്കൽ</u>

നിലവിലുള്ള 4-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം 4 എ ചേർക്കേണ്ടതാണ്.

4 എ. <u>സിവിൽ കോടതികളുടെ ആധികാരികതയ്ക്ക് വിലക്ക്.</u>—ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ, അപേക്ഷയോ, മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാണ്.

4. ബില്ലിൽ വരുത്തിയിട്ടുള്ള മറ്റു മാറ്റങ്ങൾ ആനുഷംഗികമായതോ ഘടനാപരമായതോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2017 മേയ് 17.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

## വിയോജനക്കുറിപ്പ്

2017-ലെ മലയാള ഭാഷ (പഠന ഭാഷാ) ബിൽ മലയാള ഭാഷാ വികസനത്തിൽ അപൂർണ്ണമായ ഒരു നിയമമായതിനാൽ താഴെപ്പറയുന്ന കാര്യങ്ങളിൽ ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1. CBSE, CISCE തുടങ്ങിയ കേന്ദ്രഗവൺമെന്റ് നിയന്ത്രണത്തിലുള്ള കോഴ്സുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന ബില്ലിലെ 3(5) വകുപ്പിലെ വ്യവസ്ഥകൾ കേരള നിയമസഭയുടെ നിയമനിർമ്മാണത്തിനുള്ള അധികാരത്തിന് വിധേയമല്ല. സംസ്ഥാന നിയമസഭയ്ക്ക് ഇപ്രകാരം നിയമനിർമ്മാണത്തിന് അധികാരമുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

2. കേരളത്തിന് പുറത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾ നാട്ടിൽ മടങ്ങിവന്ന് ഉപരിപഠനം നടത്തുമ്പോൾ ദോഷകരമായി ബാധിക്കാൻ ഇടയുള്ള ബില്ലിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യണം.

3. കന്നട, തുളു, തമിഴ് ഭാഷ മാതൃഭാഷയായ ഭാഷാ ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

4. ജില്ലാ കോടതിക്ക് താഴെയുള്ള കോടതികളിലെ ഭാഷ മലയാളത്തിലാക്കുവാൻ വ്യവസ്ഥകൾ നിയമത്തിൽ ഇല്ല.

5. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനത്തിന് അനുസൃതമായി ഏകീകൃത മലയാള ലിപി വിന്യാസത്തിന് നടപടികൾ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്തുവാൻ തയ്യാറാകാത്തതിനാൽ ഞാൻ/ഞങ്ങൾ ബില്ലിനോട് വിയോജിക്കുന്നു.

1. കെ. സി. ജോസഫ് (ഒപ്പ്)
2. ഷാഫി പറമ്പിൽ (ഒപ്പ്)
3. പി. കെ. അബ്ദു റബ്ബ് (ഒപ്പ്)

# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

(അടിവരയിട്ടതും വശത്ത് വരച്ചിട്ടുള്ളതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്ര ചിഹ്നമിട്ടത് ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.)

## സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2017-ലെ മലയാള ഭാഷ പഠന ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ " എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "സ്കൂളുകൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്കൂളുകൾ എന്നർത്ഥമാകുന്നതും അതിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നതുമാകുന്നു.

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ടിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6-ാം ആക്റ്റി)ലും 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

3. <u>സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കണമെന്ന്.</u>—

(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു [****] ഭാഷയായി പഠിപ്പിക്കേണ്ടതാണ്.

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്.

(2) സംസ്ഥാനത്തെ <u>സ്കൂളുകളിൽ</u> മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(3) <u>സംസ്ഥാനത്തെ സ്കൂളുകളിൽ</u> മലയാള ഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ <u>പ്രദർശിപ്പിക്കുകയോ</u> മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ <u>സ്കൂളുകളിൽ</u> നടത്തുവാൻ പാടുള്ളതല്ല.

(4) ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷാ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം, അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യ പദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്നും ഒഴിവാക്കാവുന്നതും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

(5) സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ കീഴിലുള്ളതും ത്രിഭാഷാ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ടിയുള്ള ഒരു നിബന്ധനയായി [****] മലയാള ഭാഷാപഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം മലയാള ഭാഷാപഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്.

എന്നാൽ അങ്ങനെയുള്ള സ്കൂളുകളിൽ ദ്വിഭാഷാ പദ്ധതി നിലവിലുള്ള ക്ലാസ്സുകളിൽ മലയാളം ഒരു ഭാഷയായി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് മലയാളം ഭാഷ പഠിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

(6) 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അങ്ങനെയുള്ള സ്കൂളുകളിലെ ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാക്കേണ്ടതാണ്.

(7) ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും ക്രമാനുഗതമായുള്ള മലയാള പഠനത്തിന് ആവശ്യമായ സൗകര്യം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാർ ചെയ്തുകൊടുക്കേണ്ടതാണ്.

4. ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള പിഴ.—

(1) ഈ ആക്ടിലെ 3-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാന അധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണ്.

(2) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ പ്രസ്തുത പ്രധാന അധ്യാപകനിൽ നിന്നും നിർണ്ണയിക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ, പ്രധാനാദ്ധ്യാപകന് അങ്ങനെയുള്ള ഉത്തരവ് കിട്ടി 30 ദിവസത്തിനുള്ളിൽ വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ ആയത് സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്ന പക്ഷം നിർണ്ണയിക്കാവുന്ന രീതിയിൽ, അൺ-എയ്ഡഡ് സ്കൂളുകളുടെ സംഗതിയിൽ, പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.) കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ സംഗതിയിൽ, അങ്ങനെയുള്ള സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം റദ്ദാക്കുകയും ചെയ്യേണ്ടതാണ്.

4 (a) സിവിൽ കോടതികളുടെ ആധികാരികതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ, അപേക്ഷയോ, മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—

(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

6. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—

(1) ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ

അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—

(1) 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ഓർഡിനൻസ് (2017-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മേയ് 17.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*